"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പജപവവിവ- ജീവനക്കാര്യം- അസിസ്റ്റൻ്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ ശ്രീ. സജീവൻ കെ- യെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്

സ.ഉ.(സാധാ) നം.135/2024/SCSTD തീയതി,തിരുവനന്തപുരം, 13-03-2024

---

പരാമർശം:-

1. 27/02/2023 തീയതിയിലെ സ.ഉ(സാധാ) നം.280/2023/SCSTD-ാം നമ്പർ ഉത്തരവ്,
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ31/01/2024 ലെ SCDD/1559/2023-A4(ESTT A) നമ്പർ കത്ത്
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ07/03/2024 ലെ SCDD/1563/2023-A4(ESTT A) നമ്പർ കത്ത്

ഉത്തരവ്

പാലക്കാട് ജില്ലയിൽ ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് 2021-22 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 'ചക്കിളിയൻ വിഭാഗക്കാർക്ക് കൃഷിഭൂമി വാങ്ങുന്നതിൽ മാനദണ്ഡങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചില്ലെന്നും, ഗുണഭോക്താക്കളായി SC പ്രോമോട്ടറും ടിയാന്റെ വേണ്ടപ്പെട്ടവരുമാണ് തിരഞ്ഞെടുക്കപ്പെട്ടതെന്നും, അപേക്ഷ സമർപ്പിക്കുവാൻ എല്ലാവർക്കും അവസരം ലഭിച്ചില്ലായെന്നുമുള്ള പരാതികളിന്മേൽ പാലക്കാട് വിജിലൻസ് യൂണിറ്റ് നടത്തിയ പരിശോധനയിൽ പ്രഥമദൃഷ്ട്യാ ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന്, അഴിമതിനിരോധനനിയമം വകുപ്പ്-17(A)പ്രകാരം ഒരു പ്രാഥമിക അന്വേഷണത്തിന് അനുമതി നൽകണമെന്ന് വിജിലൻസ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി. ഇതിതിനെ തുടർന്ന് ആരോപണ വിധേയനായ ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് മുൻ പട്ടികജാതി വികസന ഓഫീസർ ശ്രീ. കെ. സജീവനെ അന്വേഷണ വിധേയമായി പരാമർശം 1 പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു.

2 ) ആരോപണ വിഷയം സംബന്ധിച്ച വിശദമായ അന്വേഷണത്തിനു വകുപ്പ് ജോയിന്റ് ഡയറക്ടർ (വിജിലൻസ്)-നെ ചുമതലപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ, ശ്രീ. സജീവൻ കെ-യെ സസ്പെന്റ് ചെയ്തിട്ട് ഏകദേശം 11 മാസം കഴിഞ്ഞതു പരിഗണിച് ടിയാനെതിരായ സസ്പെൻഷൻ നടപടി പുനപരിശോധിക്കുവാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തു

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ ശ്രീ. സജീവൻ കെ- യെ ഉടനടി പ്രാബല്യത്തിൽ വരത്തക്കവിധം സർവ്വീസിൽ തിരികെപ്രവേശിപ്പിച്ച് കോഴിക്കോട് അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസറായി നിയമനം നൽകി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.റ്റി.ജോയി
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
2.ശ്രീ സജീവൻ കെ- അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ{ഇപ്പോൾസസ്പെൻഷനിൽ} (പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ മുഖേന)
3.ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്/കോഴിക്കോട്
4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ ) കേരള, തിരുവനന്തപുരം
5.ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
6.കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Shameem
Muhammed B M
Date: 13-03-2024 17:40:27
Reason: Approved
സെക്ഷൻ ഓഫീസർ